ഇതെല്ലാം ഓടിക്കാനുള്ള ബുദ്ധിമുട്ട് ചാർജ് വർദ്ധിപ്പിക്കാൻ പാടില്ല എന്നുള്ള ജനങ്ങളുടെ നിർബന്ധംമൂലമാണുണ്ടാകുന്നത്. അതു പല പ്രാവശ്യം പറഞ്ഞിട്ടും ജനങ്ങൾക്കു മനസ്സിലാകുന്നില്ല.

ശ്രീ. പി. കരുണാകരൻ: വാട്ടർ ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറ് എത്ര സ്ഥലങ്ങളിലാണ് സർവ്വീസ് നടത്തുന്നത്? പൂർണ്ണമായി നടത്താൻ എത്രവേണ്ടിവരും?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇപ്പോൾ വാട്ടർ ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിന് 71 ബോട്ടുണ്ട്. 69 (അറുപത്തൊൻപത്) എണ്ണം സർവ്വീസു നടത്തുന്നു. ഒരെണ്ണം പൈലറ്റ് ബോട്ടാണ്. ഒന്ന് വർക്ക് ഷോപ്പ് ബോട്ടും. അൻപത്തൊന്നെണ്ണം (51) ശരിയായി ഓപ്പറേറു ചെയ്യുന്നുണ്ട്. ഒൻപത് (9) ബോട്ടുകൾ മേജർ റിപ്പെയറിനു വിധേയമായിട്ടുണ്ട്. റൂട്ട് ഏതൊക്കെയാണെന്നുള്ളത് പിന്നീടു വിശദമായി പറയാം.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: തിരുവനന്തപുരം—ആലപ്പുഴ ജലഗതാഗതം വളരെ സൗകര്യപ്രദമാണ്, ലാഭകരമാണ് എന്നുകാണിച്ച് ഗവൺമെൻറിന് ഏതെങ്കിലും റിപ്പോർട്ടു കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ആലപ്പുഴ—തിരുവനന്തപുരം ജലഗതാഗതം ആദായകരമാണെന്നുള്ള നിവേദനമൊന്നും ലഭിച്ചിട്ടില്ല. വളരെ വേഗത്തിൽ ഓടുന്ന ബസുകളുള്ളതുകൊണ്ട് വെള്ളത്തിൽക്കൂടി ഇഴഞ്ഞിഴഞ്ഞുപോകുന്നതിനു ജനങ്ങൾ സമ്മതിക്കുമോ എന്നറിഞ്ഞുകൂടാ.

ശ്രീ. കെ. ജെ. ചാക്കോ: ചെങ്ങന്നൂരിൽ നിന്നും ഓടുന്ന ബോട്ടിന് പ്രതിവർഷം രണ്ടരലക്ഷംരൂപ നഷ്ടമാണെന്നുള്ളതറിയാമോ? ഈ നഷ്ടം നികത്താൻവേണ്ടി തൽക്കാലത്തേക്ക് ആ റൂട്ടു നിറുത്തൽ ചെയ്യാൻ നടപടിയെടുക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: നഷ്ടമുള്ളതു നിറുത്തൽചെയ്യുക എന്നത് ജനങ്ങളോടുചെയ്യുന്ന തെറ്റായിരിക്കും. പലതും നഷ്ടമാണ്. അങ്ങനെയുള്ള സ്ഥലത്തെല്ലാം നിറുത്തൽചെയ്താൽ ആളുകൾ വെള്ളത്തിൽച്ചാടി കുഴപ്പങ്ങൾ സൃഷ്ടിച്ചാലോ? അതുകൊണ്ട് നിറുത്തൽ ചെയ്യാൻ സാദ്ധ്യമല്ല.

എക്സൈസ് ഡിപ്പാർട്ടുമെൻറ് വാടകയിനത്തിൽ വരുന്ന ചെലവ്

* 719 [781] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ:
,, കെ. പി. നൂറുദ്ദീൻ:
,, കെ. പി. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് ഡിപ്പാർട്ടുമെൻറിന് വാടകയിനത്തിൽ ആണ്ടിൽ ഉദ്ദേശം എത്ര രൂപാ ചെലവു വരുന്നു;

(ബി) സ്വന്തമായി കെട്ടിടം നിർമ്മിച്ച് ആഫീസുകൾ അവിടേയ്ക്കു മാറുന്നതിനു ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതികൾ വല്ലതും ഗവൺമെൻറിലേക്ക് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആ പദ്ധതി അംഗീകരിച്ചുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1978-79-ൽ വാടക ഇനത്തിൽ എന്തു തുക ചെലവായി?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) ഒന്നരലക്ഷംരൂപയോളം പ്രതിവർഷം വാടകയിനത്തിൽ ചെലവാകുന്നുണ്ട്.

(ബി) ഉണ്ട്.

(സി) കണ്ണൂർ, കോഴിക്കോട്, ഇടുക്കി എന്നീ ജില്ലകളിൽ ഓഫീസ് കെട്ടിടങ്ങൾ പണിയുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(ഡി) പഞ്ചായത്തുമേഖലയിലുള്ള കെട്ടിടങ്ങളുടെ വാടകയിനത്തിൽ 57,645 രൂപ ചെലവായിട്ടുണ്ട്. കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഉള്ള കെട്ടിടങ്ങളുടെ വാടക അതാതു സ്ഥലത്തെ എസ്റ്റേറ്റ്ഓഫീസറാണ് നൽകുന്നത്. അവയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ശ്രീ. കെ. പി. നൂറുദ്ദീൻ: ഇപ്പോൾ വാടകകെട്ടിടത്തിൽ നടത്തുന്നതിനുപകരം സംസ്ഥാനത്തൊട്ടാകെ ആവശ്യമായ പുതിയ ആഫീസ് കെട്ടിടങ്ങൾ നിർമ്മിക്കാൻ കഴിയും വേഗം നടപടിയെടുക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അങ്ങനെയൊരു സ്കീം ഗവൺമെൻറിൽ ഉണ്ട്. സംസ്ഥാന ഗവൺമെൻറിന് ആകെ ആവശ്യമുള്ള കെട്ടിടങ്ങൾ ഒരു ഫേസ്ഡ് പ്രോഗ്രാം എന്നുള്ളനിലയിൽ പണിതു തീർക്കണമെന്നുണ്ട്. എക്സൈസ് ഡിപ്പാർട്ടുമെൻറിനാവശ്യമായ കെട്ടിടങ്ങളുടെ പണിയാരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. നൂറുദ്ദീൻ: ആരംഭിച്ച പണി എത്ര കൊല്ലത്തിനകം പൂർത്തിയാകും?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇക്കൊല്ലം ബഡ്ജറ്റിലുള്ള പണി ഇപ്പോഴത്തെ അവസാനിക്കുന്നതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഇവ കൊല്ലത്തെ എക്സൈസ് ജില്ലാ ആഫീസ് കെട്ടിടവും പരിസരവും അവിടത്തെ പബ്ലിക് ലൈബ്രറിക്ക് വിട്ടുകൊടുത്തതിനുശേഷം പുതിയ ആഫീസ് ഉണ്ടാക്കാൻ ഉള്ള നടപടി എന്തുമാത്രമായി എന്നു പറയാൻ കഴിയുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇപ്പോൾ ആ വിവരം എന്റെ പക്കൽ ഇല്ല.

ശ്രീ. എസ്. ത്യാഗരാജൻ: കൊല്ലത്ത് ഉള്ള എക്സൈസ് ആഫീസ് പബ്ലിക് ലൈബ്രറിക്ക് വിട്ടുകൊടുക്കുകയും അവർ അതിന്റെ വിലയായി അമ്പതിനായിരം രൂപ കെട്ടിവയ്ക്കുകയും ചെയ്തു. അതിനെത്തുടർന്ന് ഈ എക്സൈസ് ഡിപ്പാർട്ടുമെൻറിനുവേണ്ടി പ്രത്യേക സ്ഥലം അനുവദിച്ചിട്ടുണ്ട്. ആ സ്ഥലത്ത് കെട്ടിടം വയ്ക്കാൻ ഡിപ്പാർട്ടുമെൻറ് നടപടി സ്വീകരിച്ചിട്ടില്ല. പബ്ലിക് ലൈബ്രറിയിൽ നിന്നും ഇതിനാവശ്യമായ തുക ഈടാക്കി, ലൈബ്രറിക്കുവേണ്ടി കെട്ടിടം വിട്ടുകൊടുക്കാൻ ഉള്ള സാഹചര്യം ഉള്ളതുകൊണ്ട് പുതുതായി കെട്ടിടം നിർമ്മിച്ച് മാറാനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: കൊല്ലത്ത് എക്സൈസ് കമ്മീഷണറാഫീസ് പണിയുന്നതിനുവേണ്ടി 1978-79-ൽ രണ്ടുലക്ഷത്തി മുപ്പതിനായിരം ഉറുപ്പിക വകകൊള്ളിച്ചിട്ടുണ്ട്.

ശ്രീ. പി. ബി. ആർ. പിള്ള: നമ്മുടെ രാജ്യത്ത് ഏറ്റവും കൂടുതൽ വരുമാനം ഉണ്ടാക്കിക്കൊടുക്കുന്ന ഒരു വകുപ്പ് എന്ന നിലയിൽ ഈ എക്സൈസ് വകുപ്പിന് സ്വന്തമായി കെട്ടിടം ഉണ്ടാക്കാൻ ഇന്ന് ബുദ്ധിമുട്ടുകയാണോ? ഉണ്ടെങ്കിൽ പാർട്ടിഫണ്ടു കളക്ടു ചെയ്തതുപോലെ കോൺട്രാക്ടർമാരിൽ നിന്ന് നിശ്ചിത തുക കളക്ടു ചെയ്തു എക്സൈസ് ഡിപ്പാർട്ടുമെൻറിന്റെ ആവശ്യത്തിനു കെട്ടിടത്തിനുള്ള പരിശ്രമം നടത്തുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അതാതു ഡിപ്പാർട്ടുമെൻറിന്റെ വരുമാനം ഡിപ്പാർട്ടുമെൻറിന്റെ ചെലവിന് എടുത്തിട്ട് ബാക്കി ട്രഷറിയിൽ അടയ്ക്കുകയാണ് പതിവ്.

ശ്രീ. സി.പി. ഗോവിന്ദൻനമ്പ്യാർ: കെട്ടിടത്തിന് വാടക നിശ്ചയിക്കുന്നത് പി.ഡബ്ലിയു.ഡി. ആണോ, വേറെ ഡിപ്പാർട്ടുമെൻറാണോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പി. ഡബ്ലിയു.ഡി. ആണ് വാടക നിശ്ചയിക്കുന്നത്.

വാട്ടർ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുണ്ടായിട്ടുള്ള ആക്ഷേപങ്ങൾ

* 720 [782] ശ്രീ. എം. വി. രാജൻ:
,, എ. എ. റഹീം:
,, പി. ബാലൻ:
,, ജി. പി. മംഗലത്തുമഠം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുണ്ടായിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു എന്നു പറയാമോ;

(സി) ഈ സ്ഥാപനത്തിന്റെ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നത്;

(ഡി) ഇതിന്റെ ആഭിമുഖ്യത്തിൽ എത്ര ബോട്ടുകൾ ഉണ്ട്;

(ഇ) കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഈ സ്ഥാപനത്തിന്റെ വരുമാനം എന്ത്;

(എഫ്) കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ലാഭമോ നഷ്ടമോ എത്ര?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly